# എട്ടു കവിതകൾ

അഭിരാം, എസ്.



എട്ടു കവിതകൾ
അഭിരാം, എസ്.
(മലയാളം: കവിതകൾ)

© 2021, Abhiram, S.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Blue Jovian clouds on Jupiter, taken from 11,747 miles (18,906 km) away by the Juno spacecraft.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 പുറകോട്ട് പുറകോട്ട് . . . . . . 4

2 ചെമ്പരത്തി . . . . . . . . . . . . 5

3 ചിറക് . . . . . . . . . . . . . . . . . . 6

4 ഒറിയോൺ . . . . . . . . . . . . . . 7

5 നിഴലാട്ടം . . . . . . . . . . . . . . . 8

6 ഒരു കിളി . . . . . . . . . . . . . . . . 9

7 സെനൈൽ ഡിമെൻഷ്യ . . . 10

8 ഒരു കാഴ്ച്ച . . . . . . . . . . . . . . 11

# 1

# പുറകോട്ട് പുറകോട്ട്



വാക്കുകളിൽ ചവിട്ടി ഞാൻ നടക്കുന്നു.

പുറകോട്ട്
പുറകോട്ട്

എങ്ങോ എത്തി.
നദിയൊഴുകുന്നത് കേൾക്കാം
അങ്ങിങ്ങ് ചിതറിയ വെട്ടം.
ഒന്നും കാൺക വയ്യ.
കുന്തമുനകൾ ചുവപ്പ് വരഞ്ഞു കടന്നുപോകുന്നു
ശവംകൊത്തി പറക്കുന്ന കഴുകൻ ചിറകടി
ബലി മൃഗങ്ങൾ
ബലി മനുഷ്യർ.

ഇവിടെ അല്പം വെളിച്ചമുണ്ട്:
അർത്ഥത്തെ കവച്ചുവെക്കുന്ന ലിപികൾ
ശിലാ ചിത്രങ്ങൾ
ഒറ്റക്കൊമ്പൻ കുതിരകൾ
കളിമണ്ണ് കടുവകൾ, ആനകൾ.


ഒരു വെങ്കല സ്വരം:
'ഞാൻ ആ നർത്തകിയാണ്.
നഗ്നയായ നർത്തകി'

അല്പം നേരം നൃത്തം കണ്ടിരുന്നു.
പിന്നെയും നടന്നു.
ഹാരപ്പൻ കടന്ന്,
മോഹൻജെദാരോ കടന്ന്

പുറകോട്ട്
പുറകോട്ട്.

## 2

# ചെമ്പരത്തി



ഇന്ന് ഒരു ചെമ്പരത്തി കണ്ടപ്പോൾ,
പഴയ ചില മുറിവുകൾ നീറിമിടിച്ചു.

ഇല്ല
അത് കരിഞ്ഞിട്ടില്ല...

ചെമ്പരത്തികൾ വീണ്ടും ഉണ്ടാകും.
കൊഴിയുന്നിടത്ത് മറ്റൊന്ന് പൂക്കും.
പൂക്കും...
കൊഴിയും,
വീണ്ടും പൂക്കും...

വസന്തങ്ങളിൽ ഞാനും അത് പ്രതീക്ഷിക്കുന്നു.
ആ ജൈവമുഴക്കം.

# 3

# ചിറക്



അത് ചിറകാണ്.
നിങ്ങളുടെ ചെവികൾ.

പരിണതിയുടെ വേഗത്തിലോ, താളത്തിലോ
പറ്റിയ അപാകതയാണത്.
നിങ്ങൾ തെറ്റായ പ്യൂപ്പയിൽ ചെന്നുപെട്ടു...

ഉടൽ വലുതും ചിറകുകൾ ചെറുതുമായി...

യുഗാന്തരങ്ങളുടെ പ്രളയം...
പരിണതിയുടെ വേഗം വർധിച്ചു.
ചിറകുകൾ കേൾവിയായി...


എന്താ സംശയം?

നിങ്ങൾ മുഖം ഒരു നിമിഷം മറക്കൂ...
ഒരു ഇണചെവി സങ്കല്പിക്കൂ...

ശലഭം...

# 4

# ഒറിയോൺ



ഒറിയോൺ,
ഏതു ഗർത്തത്തിൽ നീ മറഞ്ഞു.
അതോ അല്പായുസ്സിൽ നീ പൊലിഞ്ഞുവോ?
പൊലിഞ്ഞെങ്കിലെന്തുകൊണ്ടെന്റെ
പുളിമരങ്ങളുടെ കാപ്പിരിത്തലയിൽ
മിന്നാമിനുങ്ങായി നീ തിളങ്ങിയില്ല?

ഒറിയോൺ,
ഇല്ലിന്നെന്റെ സന്ധ്യയിൽ മൂന്നു കൊറ്റികൾ,
ചുണ്ടിലില്ല മൂന്നു വരികൾ,
മൂന്നിറ്റു കണ്ണുനീരുപോലും എനിക്കിന്ന് അപ്രാപ്യം.

ഒറിയോൺ,
നീയെന്റെ ഏകാന്തത തട്ടിയെടുത്തു.
എന്റെ ശാന്തിയും,
എന്തിനെന്റെ വിഷാദം പോലും നീ തട്ടിയെടുത്തു.
ക്രൂരമായി ചിരിച്ചുകൊണ്ട് നീ മറയുന്നു.

കാണുന്നില്ല ഞാൻ ഇന്നു
പൂക്കളും ഋതുക്കളും,
ഇല്ല ചന്ദ്രനും സൂര്യനും,
ഇല്ല മനുഷ്യനും രക്തവും.
അതെ, എന്റെ കാഴ്ച്ചപോലും
നീയായിരുന്നുവല്ലോ.

ഉണ്ട് മുൻപിൽ രണ്ടു ചഷകങ്ങൾ.
ഇതിൽ വിഷമേത് മഷിയേത്?
വലതുകയ്യിലെ ചഷകത്തിൽ നിന്നും
കുടിക്കുന്നു ഞാൻ മൂന്നു തുള്ളികൾ.

ഒറിയോൺ,
ഇത് മരണമോ?
കാണുന്നു ഞാനിപ്പോൾ ആകാശത്തിൽ
മുൻപെന്നപോലെ നിന്റെ ശയനം:

ക

വി

ത

# — 5 —

# നിഴലാട്ടം



സുഹൃത്തേ,
നിങ്ങൾ ജന്തുക്കളുടെ മനോധർമ്മം അറിയാൻ
ആഗ്രഹിക്കുന്നുവോ?
എങ്കിൽ, ഒരു തിരി തെളിയിക്ക,
വിരലുകൾ കവിതയായി ക്രമപ്പെടുത്തുക.
തെളിയും ചുവരിൽ മാനും, മയിലും, പുലിയും.
നിഴലിൽ അവ ജീവൻ പ്രാപിക്കും,
മനോധർമ്മത്തിൽ അവ കഥകൾ ആടും.

## 6

# ഒരു കിളി



ഓരോ മുളയിലും കിളികളുണ്ട്.
ഒരു മുള നൂറു താളായി
പിരിയുമ്പോൾ
നൂറിലൊന്ന് മാത്രം
ഒറിഗാമി ചൊല്ലി കിളിയായി വിരിയുന്നു.

കരച്ചിലില്ലാതെ,
തൂവലില്ലാതെ
മുളതൻ മൗനവുമായി
ഇണക്കിളിയെ തിരയുന്നു.

## — 7 —

# സെനൈൽ ഡിമെൻഷ്യ / Senile Dementia



സ്വപ്നങ്ങൾ ഉണർവിലേക്ക്
രണ്ടു കാലിൽ നടന്നുവരുന്ന
പ്രായത്തിലാണ് ഞാൻ.
ഓർമ്മകൾ കുഴിയാനയെ പോലെ പൂഴ്ന്നു പോകുന്നു,
മടങ്ങി വരാതെ.

ശരീരത്തിൽ ചുളിവ് വീഴുന്ന
സ്വരം എനിക്ക് തെളിഞ്ഞു കേൾക്കാം.
സ്വന്തം വരികൾ ചുരുട്ടിയെറിയുന്ന
അതേ സ്വരം.

തടിച്ച ഞരമ്പുകളുടെ പ്രകമ്പനത്തിൽ
സ്വപ്നത്തിന്റെയും, ഉണർവിന്റെയും
ഭൂമികൾ ഒന്നുചേരുന്നു.
എന്റെ തികയാത്ത വാഴ്വ്
ഈ ചാരുകസേരയിൽ എന്ന പോലെ.

# 8

# ഒരു കാഴ്ച്ച



വഴിയരികിലെ വയസ്സൻ മരത്തിനു കീഴിൽ
സൈക്കിളൊതുക്കി മീൻകാരൻ
ഒരു ബീഡിപ്പുകയിൽ
കടൽജീവികളെ സ്മരിക്കുന്നു.

മുകളിലെ കാക്കക്കൂട്ടിൽ നിന്നും മീൻകുട്ടയിലേക്ക്
ഒരു തള്ളക്കാക്ക.

കൊത്തിയെടുത്ത മീനിന്റെ ചെറുനാരുകൾ
ആദ്യം പകർന്നത്
കുയിലിൻ ചുണ്ടിൽ.

## അഭിരാം, എസ്.



പത്തനംതിട്ട ജില്ലയിൽ കാവുംഭാഗത്തി നടുത്ത് ആലംതുരുത്തിയിൽ 2001-ൽ ജനനം. ഇപ്പോൾ ചങ്ങനാശ്ശേരി NSS കോളേജിൽ ബിരുദ വിദ്യാർത്ഥി.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014